## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 790 — 30.11.2018-ൽ മറുപടിക്ക്

### അട്ടപ്പാടി മേഖലയിലെ ശിശുമരണ നിരക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി :** | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അട്ടപ്പാടി മേഖലയിലുണ്ടായ ശിശുമരണങ്ങളുടെ എണ്ണവും മരണനിരക്കും സംബന്ധിച്ച വിശദാംശം ലഭ്യമാക്കമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അട്ടപ്പാടി മേഖലയിൽ 2016 ൽ 5 ഉം 2017 ൽ 14 ഉം 2018 ൽ 11 ഉം ശിശുമരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) | പോഷകാഹാരക്കുറവ് മൂലമോ മതിയായ ആരോഗ്യ പരിചരണം ലഭിയ്ക്കാത്തതു മൂലമോ ഉള്ള മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കമോ; | ബി) | പോഷകാഹാരക്കുറവുമൂലമോ മതിയായ ആരോഗ്യ പരിചരണം ലഭിയ്ക്കാത്തതു മൂലമോ ഉള്ള മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ശിശുമരണം സംഭവിച്ച കുഞ്ഞുങ്ങൾക്ക് ജന്മനാലോ പിന്നീടോ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടായിരുന്നതായി മരണം സംബന്ധിച്ച റിപ്പോർട്ടുകളിൽ ആരോഗ്യ വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. വീട്ടുകളിൽ നടന്നിരുന്ന പ്രസവം, ചികിത്സാവൈമുഖ്യം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം തുടങ്ങിയവയായിരുന്നു പ്രധാന മരണ കാരണങ്ങൾ. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തി മരണനിരക്ക് കുറച്ചു കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. |
| സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ മേഖലയിലെ ശിശു മരണ നിരക്ക് കുറയ്ക്കുന്നതിന് സ്വീകരിച്ച പ്രത്യേക നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | സി) | ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>• അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി<br>• വനിതാ ശിശുവികസന വകുപ്പിനു കീഴിൽ കുട്ടികൾക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം<br>• പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി |

| | | | |
|---|---|---|---|
| | | | • സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി<br>• അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ<br>• ഗർഭിണികളുടെയും, മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി<br>• വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.<br>• അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി-ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു സംവിധാനവും ഉണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയറ്റർ, രക്ത ബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയും ഉണ്ട്.<br><br>പ്രതിമാസ കുത്തിവെയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ - അരിവാൾരോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു. |

**സെക്ഷൻ ഓഫീസർ**